**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2138** **20-01-2021 - ൽ മറുപടിയ്ക്ക്**

**പൊതു ആരോഗ്യ സ്ഥാപനങ്ങളുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എ . പ്രദീപ് കുമാർ ,<br>ശ്രീമതി പി. അയിഷാ പോറ്റി,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ . പി . കെ . ശശി** | | **Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലുകളുടെ ഫലമായി 2015-16ൽ 5.6% ആയിരുന്ന ശിശു മരണനിരക്ക് 2019 – 20 ൽ 4.4% ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | സംസ്ഥാനത്തെ പൊതു ആരോഗ്യ സ്ഥാപനങ്ങളെ ശാക്തീകരിക്കാൻ സ്വീകരിച്ച നടപടികളുടെ ഫലമായി ദേശീയ ആരോഗ്യ സൂചികയിൽ ഒന്നാം സ്ഥാനത്തെത്താനായിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയെല്ലാം കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താനായിട്ടുണ്ടോ; ഇതിനായി അടിസ്ഥാനസൗകര്യവിപുലീകരണത്തിനു നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (സി) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും, രണ്ടാം ഘട്ടത്തിൽ 461 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും 43 സാമൂഹികാരോഗ്യ കേന്ദ്രങ്ങളെയും മൂന്നാം ഘട്ടത്തിൽ 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതോടൊപ്പം മെച്ചപ്പെട്ട രോഗീ സൗഹൃദ സേവനം ലഭ്യമാക്കുകയും അതോടൊപ്പം അധിക തസ്തികകളും ടി കേന്ദ്രങ്ങളിൽ അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, സ്വകാര്യതയോടു കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നേഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്നിവ നടപ്പാക്കിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർ, സ്റ്റാഫ് നേഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവരെ അധികമായി നിയമിക്കുകയും, ഔട്ട് പേഷ്യന്റ് സേവനം 6 മണി വരെ ദീർഘിപ്പിക്കുകയും, നഴ്സുമാരുടെ പ്രീ-ചെക്കപ്പ്, NCD ക്ലിനിക്കുകൾ, |

| | | | |
|---|---|---|---|
| | | | ശ്വാസ്/ ആശ്വാസ് ക്ലിനിക്ക് കൂടാതെ ലാബ് സൗകര്യം എന്നിവ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഇതിനായി എത്ര ജീവനക്കാരെ അധികമായി നിയമിച്ചെന്ന് അറിയിക്കാമോ? | (ഡി) | ആർദ്രം പദ്ധതി പ്രകാരം ഡോക്ടർമാർ, മറ്റ് പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പെടെ 2721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതുൾപ്പെടെ ആരോഗ്യ വകുപ്പിൽ മൊത്തമായി 3360 തസ്തികകൾ ഈ സർക്കാർ വന്ന ശേഷം പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ